**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 341** **10-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബില്ലുകൾ മാറി നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മുൻ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകാതെ ധനകാര്യ വകുപ്പ് തിരിച്ചയച്ചതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവ് മൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾ മൂലം 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടി വന്ന നിയന്ത്രണങ്ങൾ മൂലം തദ്ദേശ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | 2023-24 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ വകയിരുത്തിയ ബഡ്ജറ്റ് വിഹിതവും അനുവദിച്ച ബഡ്ജറ്റ് വിഹിതവും എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ബഡ്ജറ്റ് വിഹിതം കണക്കാക്കി പദ്ധതികൾ ആസൂത്രണം ചെയ്ത് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ബില്ലുകൾ നൽകിയിട്ടും തുക മാറി നൽകാത്തത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവ് മൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾ മൂലം 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടി വന്ന നിയന്ത്രണങ്ങൾ മൂലം തദ്ദേശ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | കഴിഞ്ഞ വർഷം പൂർത്തിയാക്കിയ പദ്ധതികൾക്ക് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗിക്കുവാൻ | (ഡി) | 08.04.2024-ലെ S.S. 01/ 23/2024-ധന നമ്പർ സർക്കുലർ പ്രകാരം 2023-24-സാമ്പത്തിക |

| | | | |
|---|---|---|---|
| | നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | | വർഷത്തിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്ന ബില്ലുകളിലെ തുക നടപ്പ് സാമ്പത്തിക വർഷത്തെ (2024-25)ബഡ്ജറ്റിൽ നിന്നും മാറിനൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(രൂപ ആയിരത്തിൽ)

| ക്രമ നമ്പർ | ഫണ്ടിന്റെ ഇനം | വകയിരുത്തിയ തുക | അനുവദിച്ച തുക |
|---|---|---|---|
| 1 | വികസന ഫണ്ട് | 55520500 | 55520500 |
| 2 | സംരക്ഷണ ഫണ്ട് | 36469927 | 36469927 |
| 3 | പൊതു ആവശ്യ ഫണ്ട് | 22443032 | 22443032 |
| | ആകെ | 114433459 | 114433459 |